**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 775** **30-01-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെയും പ്രസ്തുത നിക്ഷേപം കേരള വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കേണ്ടതിന്റെയും പ്രസ്തുത നിക്ഷേപം കേരള വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ടതിന്റെയും ആവശ്യകത മുന്നിൽകണ്ട് **"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിയ്ക്കായി"** എന്ന മുദ്രാവാക്യത്തോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിനിൽ പങ്കെടുക്കുന്നു. ഇന്ന് സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടേയും വികസനത്തിന് സഹകരണ പ്രസ്ഥാനം വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. സംസ്ഥാനത്തെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക് വളരെ വലുതാണ്. കേരളത്തിലെ ധനകാര്യസ്ഥാപനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ സംഘങ്ങളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ കൂടുതലാണ്. കേരളത്തിലെ സഹകരണ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപങ്ങൾ പൂർണ്ണമായും സംസ്ഥാനത്തിനുള്ളിൽ തന്നെയാണ് വിനിയോഗിച്ചുവരുന്നത്. കൂടാതെ ടി നിക്ഷേപങ്ങളിൽ നിന്നുള്ള തുകയിൽ നിന്നും വായ്പ സ്വീകരിച്ചാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.റ്റി.സി. ജീവനക്കാർക്കുള്ള പെൻഷൻ എന്നിവ വിതരണം ചെയ്യുന്നത്. മുൻ കാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | സിയാൽ, കൊച്ചിൻ മെട്രോ എന്നിവ പോലുള്ള കേരളത്തിന്റെ വികസന പദ്ധതികൾക്ക് സഹകരണ മേഖലയിൽ നിന്നും ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണവായ്പാ മേഖലയിലെ നിക്ഷേപം വർധിപ്പിക്കുന്നതിനും യുവജനങ്ങളെ സഹകരണ ബാങ്കുകളിൽ അംഗങ്ങളാക്കുന്നതിനുമായി പ്രത്യേക സഹകരണ നിക്ഷേപ സമാഹരണ യജ്ഞം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | **"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിയ്ക്കായി"** എന്ന മുദ്രാവാക്യത്തോടെ യുവജനങ്ങളെ സഹകരണ മേഖലയിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, സഹകരണ വായ്പ മേഖലയിലെ നിക്ഷേപ തോത് വർദ്ധിപ്പിക്കുക, ഒരു വീട്ടിൽ നിന്നും ഒരു അക്കൗണ്ട്, നവകേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ 44-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിനും അംഗത്വ ക്യാമ്പയിനും നടത്തിവരുന്നു. കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിന്റെ ഭാഗമാകുന്നു. 44-ാമത് നിക്ഷേപ സമാഹരണത്തിന്റെ ടാർജറ്റ് (ലക്ഷ്യം) 9000 കോടി രൂപയാണ്. |
| (സി) | സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി ഒരു വീട്ടിൽ ഒരു സഹകരണ ബാങ്ക് അക്കൗണ്ട് എന്ന ലക്ഷ്യം സാധ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **"സഹകരണ നിക്ഷേപം നവകേരള നിർമ്മിതിക്കായി"** എന്ന മുദ്രാവാക്യത്തോടെ 2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 10 വരെ നടത്തിവരുന്ന 44-ാമത് നിക്ഷേപ സമാഹരണ ക്യാമ്പയിന്റേയും അംഗത്വ ക്യാമ്പയിന്റേയും പ്രധാന ലക്ഷ്യങ്ങളിലൊന്ന് "ഒരു വീട്ടിൽ ഒരു സഹകരണ ബാങ്ക് അക്കൗണ്ട്" എന്നതാണ്. സംസ്ഥാനത്തെ എല്ലാ വീടുകളിലും അക്കൗണ്ട് തുടങ്ങുന്നതുവഴി കുട്ടികളും യുവജനങ്ങളും ഉൾപ്പെടെ എല്ലാവരേയും സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഭാഗഭാക്കാക്കുന്നതിനും അതുവഴി അവരുടെ ചെറിയ നിക്ഷേപങ്ങൾ സമാഹരിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും സാധിക്കുന്നു. ഇത് പൊതുജനങ്ങളിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ നിലനിൽപ്പ് നാടിന്റെ വികസനത്തിന് അനിവാര്യമാണെന്നുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | സഹകരണ മേഖലയിൽ നിലവിലുള്ള നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 03.01.2024 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പലിശ നിർണയ ഉന്നതതല സമിതി സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും 10.01.2024 മുതൽ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി സർക്കുലർ നിർദ്ദേശാനുസരണം നിലവിലുള്ള പലിശ നിരക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ദേശസാൽകൃതബാങ്കുകളെക്കാളും ഇതര ബാങ്കുകളെക്കാളും ഉയർന്ന പലിശ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. 03.01.2024 ൽ ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പലിശ നിർണ്ണയ ഉന്നതതല സമിതി യോഗം ചേരുകയും, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇതര ബാങ്കിംഗ് സ്ഥാപനങ്ങളും, സർക്കാർ ട്രഷറിയും, KSFE യും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ നിരക്കുകൾ വിലയിരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് മികച്ച പലിശ നിരക്ക് ഉറപ്പ് വരുത്തി പലിശ നിരക്ക് ഉയർത്തുന്നതിന് തീരുമാനിക്കുകയും 10.01.2024 മുതൽ നിക്ഷേപ പലിശ നിരക്ക് പരിഷ്കരിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>10.01.2024 മുതൽ നിലവിൽ വന്ന പുതുക്കിയ പലിശനിരക്ക്</u>

| ക്രമ നം. | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് | | സർവ്വീസ് സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ, റീജിയണൽ റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അഗ്രിക്കൾച്ചറൽ ഇംപ്രൂമെന്റ് സഹകരണ സംഘങ്ങൾ, മിസലേനിയസ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും. | |
|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.50 | 5.50 | 6.00 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.00 | 6.00 | 6.50 | 6.50 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.75 | 7.00 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 6.75 | 7.25 | 7.25 | 7.75 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.25 | 8.00 | 8.25 | 9.00 |
| 6 | 2 വർഷവും അതിനു മുകളിലും | 7.00 | 7.75 | 8.00 | 8.75 |

സെക്ഷൻ ഓഫീസർ